പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 812 28-02-2018-ൽ മറുപടിക്ക്

# തൊഴിലാളി ക്ഷേമനിധി ബോർഡ് അംശദായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ. മുരളി | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കപ്പെട്ടത് എന്നാണ്; | (എ) 1977 മേയ് ഒന്ന്. |
| ബി) 2017-18 വർഷത്തിൽ അംശദായം അടച്ചുവരുന്ന തൊഴിലാളികളുടെ എണ്ണം എത്ര; അംശദായ തുക എത്ര; വിശദമാക്കാമോ; | (ബി) 2017-18 സാമ്പത്തിക വർഷം അംശദായം അടച്ചുവരുന്ന തൊഴിലാളികളുടെ എണ്ണം 4,85,000. രണ്ട് അർദ്ധ വർഷത്തേക്ക് തൊഴിലാളിയിൽ നിന്നും 8 രൂപയും തൊഴിലുടമയിൽ നിന്നും 16 രൂപയും ചേർത്ത് 24 രൂപയാണ് അംശദായമായി അടയ്ക്കേണ്ടത് . ഇപ്രകാരം ഇവരിൽ നിന്നും അംശദായമായി 1,16,40,000 (ഒരു കോടി പതിനാറ് ലക്ഷത്തി നാൽപതിനായിരം) രൂപയും ലഭിക്കേണ്ടതുണ്ട് . |
| (സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്കും ആശ്രിതർക്കും ബോർഡ് നൽകി വരുന്നത്;വിശദമാക്കാമോ; | (സി) ബോർഡിൽ നിന്നും താഴെ പറയുന്ന ആനുകൂല്യങ്ങൾ അംഗങ്ങളായ തൊഴിലാളി-കൾക്കും അവരുടെ ആശ്രിതർക്കും ലഭ്യമാണ്,<br>i) മരണാനന്തരസഹായ പദ്ധതി (അടിയന്തരാശ്വാസ പദ്ധതി)<br>ii) ഹൈസ്കൂൾ വിദ്യാഭ്യാസ ഗ്രാന്റ്<br>iii) എസ്.എസ്.എൽ.സി.ക്യാഷ് അവാർഡ് പദ്ധതി<br>iv) ഐ.ടി.ഐ .പരിശീലന പദ്ധതി<br>v) ഉന്നത വിദ്യാഭ്യാസ ഗ്രാന്റ് പദ്ധതി<br>vi) കമ്പ്യൂട്ടർ കോഴ്സ് പരിശീലന പദ്ധതി<br>vii) ഗുരുതരമായ രോഗം ബാധിച്ച തൊഴിലാളികൾക്കുള്ള ചികിത്സാ സഹായ പദ്ധതി<br>viii) ജോലിയിലിരിക്കെ അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി<br>ix) അന്ധർ, ബധിരർ, മൂകർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ എന്നീ വിഭാഗങ്ങളിൽ മക്കളുള്ള അംഗങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതി |

| | |
|---|---|
| | x) ഗ്രന്ഥശാലകൾക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതി<br>xi) വിവാഹധനസഹായ പദ്ധതി<br>കൂടാതെ, അംഗങ്ങളായ തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ താമസ സൗകര്യവും ഭക്ഷണവും ലഭ്യമാക്കി ബോർഡിന്റെ നിയന്ത്രണത്തിൽ കുമിളിയിൽ ഒരു വിശ്രമ കേന്ദ്രവും (ഹോളി ഡേ ഹോം) പ്രവർത്തിച്ചു വരുന്നു . |
| (ഡി) അംശദായ തുക തുലോം കുറവാണെന്നും അതുകൊണ്ടു തന്നെ ആനുകൂല്യങ്ങളും നാമമാത്രമാണെന്നുമുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ഉണ്ട് . |
| (ഇ) അംശദായം വർദ്ധിപ്പിച്ച് മികച്ച ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) ബോർഡിന്റെ തൊഴിലാളി -തൊഴിലുടമ വിഹിതം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുകയാണ് . |

സെക്ഷൻ ഓഫീസർ